# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം – II

## 2025 ജനുവരി 20

നമ്പർ : 594

**2025 ജനുവരി 21 – ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 118 അനുസരിച്ച് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്**

ജനുവരി 6, 2025 - ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറത്തിറക്കിയ കരട് മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധരുടെയും ആശങ്കകൾ വലിയ തോതിൽ ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിലാണ് ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നത്.

1977 ജനുവരി 3 - ന് പ്രാബല്യത്തിൽ വന്ന 42 - ാം ഭരണഘടനാ ഭേദഗതി പ്രകാരം ഉന്നതവിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസം സംസ്ഥാന ലിസ്റ്റിൽ നിന്നും സമാവർത്തി ലിസ്റ്റിലെ ഇനം 25 ആയി മാറ്റപ്പെട്ടു. വിവിധ സംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത് അതത് സംസ്ഥാന നിയമസഭകൾ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമായിട്ടാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന ലിസ്റ്റിലെ ഇനം 32 പ്രകാരം സർവ്വകലാശാലകളുടെ സ്ഥാപനം, മേൽനോട്ടം എന്നിവ സംബന്ധിച്ചുള്ള അധികാരം സംസ്ഥാനങ്ങൾക്കാണ്. യൂണിയൻ ലിസ്റ്റിലെ ഇനം 66 പ്രകാരം ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ ഏകോപനത്തിനും നിലവാരം നിശ്ചയിക്കുന്നതിലും മാത്രമാണ് കേന്ദ്ര സർക്കാരിന് അധികാരമുള്ളത്. ഇതിന്റെ പിൻബലത്തിലാണ് യു.ജി.സി. നിയമത്തിൻ കീഴിൽ യു.ജി.സി. റെഗുലേഷനുകൾ പുറപ്പെടുവിക്കുന്നത്.

ഭരണഘടനാ നിർമ്മാണ സഭയിൽ ആഗസ്റ്റ് 31, 1949 – ന് നടന്ന സംവാദത്തിന് മറുപടി പറഞ്ഞുകൊണ്ട് ഡോ. ബി. ആർ. അംബേദ്കർ നടത്തിയ പ്രസംഗത്തിൽ യൂണിയൻ ലിസ്റ്റിലെ ഇനം 66 – ന്റെ പരിധിയും പരിമിതിയും വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന ബിരുദ പരീക്ഷകൾക്കുള്ള പാസ് മാർക്കോ മാനദണ്ഡങ്ങളോ പല തരത്തിലായാൽ അത് വലിയ ബുദ്ധിമുട്ടുണ്ടാക്കും. ഇതുപോലുള്ള ഏകീകൃതമല്ലാത്ത വ്യവസ്ഥകൾ ഒഴിവാക്കാനും സംസ്ഥാനങ്ങളിൽ ഗൗരവമായ മാനദണ്ഡങ്ങളും ഏകീകൃത രീതികൾ ഉറപ്പുവരുത്താനും മാത്രമാണ് യൂണിയൻ ലിസ്റ്റിൽ ഇങ്ങനെയൊന്ന് ഉൾപ്പെടുത്തിയത് എന്നാണ് അദ്ദേഹം പറഞ്ഞത്.

ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയുള്ളതും വൈസ് ചാൻസലർ നിയമനത്തിലടക്കം സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങളെ പൂർണ്ണമായും ഒഴിവാക്കുന്നതുമായ 2025 – ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യത്തിനും നിരക്കാത്ത ഒന്നാണെന്നാണ് ഈ സഭയുടെ വ്യക്തമായ അഭിപ്രായം.

സർവ്വകലാശാലകളുടെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി ഏതാണ്ട് 80 ശതമാനത്തോളം തുക ചെലവിടുന്നത് സംസ്ഥാന സർക്കാരുകളാണ്. സർവ്വകലാശാലകളുടെ ഗുണനിലവാരം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാരുകൾക്ക് മുഖ്യമായ പങ്കുണ്ട്. ഇതിനെയെല്ലാം അവഗണിച്ചു കൊണ്ട് യാതൊരു ചർച്ചകളും കൂടാതെ, വൈസ് ചാൻസലർ നിയമനം പോലുള്ള സുപ്രധാന നിയമനങ്ങളിലും അധ്യാപകരുടെ യോഗ്യത, സേവനവ്യവസ്ഥ എന്നിവയെക്കുറിച്ചും ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ സംസ്ഥാന സർക്കാരുകളെ പൂർണ്ണമായും മാറ്റി നിർത്തുന്ന കേന്ദ്ര സർക്കാരിന്റെയും

യു.ജി.സി.യുടെയും സമീപനം ജനാധിപത്യവിരുദ്ധവും തിരുത്തപ്പെടേണ്ടതുമാണെന്ന് ഈ സഭയ്ക്ക് അഭിപ്രായമുണ്ട്. സർവ്വകലാശാലകളിൽ അക്കാദമിക് വിദഗ്ധന്മാരെ വേണമെങ്കിൽ മാറ്റിനിർത്തി സ്വകാര്യ മേഖലയിൽ നിന്നുപോലും വ്യക്തികളെ വൈസ് ചാൻസലർമാരാക്കാമെന്ന സമീപനം ഉന്നതവിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കാനുള്ള നീക്കമാണ്. ഇത് തീർത്തും പ്രതിഷേധാർഹമാണ്.

. ഉന്നതവിദ്യാഭ്യാസരംഗത്തെ ജനാധിപത്യമൂല്യങ്ങൾ തകർക്കാനും പ്രസ്തുത മേഖലയിൽ മത-വർഗീയ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരുടെ പിടിയിലൊതുക്കാനുമുള്ള നീക്കങ്ങളുടെ ഭാഗമായി മാത്രമേ 2025 - ലെ കരട് യു.ജി.സി. മാനദണ്ഡങ്ങളെ കാണുവാൻ കഴിയൂ.

സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ധന്മാരുടെയും അഭിപ്രായങ്ങളും ആശങ്കകളും പരിഗണിച്ച് 2025 - ലെ കരട് യു.ജി.സി. മാനദണ്ഡങ്ങൾ ഉടൻ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ ഗൗരവമായി കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

**ഷാജി സി. ബേബി,**
**സെക്രട്ടറി-ഇൻ-ചാർജ്ജ്.**